"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - അസറ്റ് മെയിന്റനൻസ് ഫണ്ട് - 2026-27 സാമ്പത്തികവർഷം - കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ വിവിധ മരാമത്ത് പണികൾ - പൂർത്തീകരിച്ച വകയിൽ കരാറുകാരന് നൽകേണ്ട തുക അനുവദിച്ച - പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്**

സ.ഉ.(സാധാ) നം.2006/2026/H&FWD തീയതി,തിരുവനന്തപുരം, 15-06-2026

---

പരാമർശം:-
1. സ.ഉ.(സാധാ)നം.801/2024/ആകുവ തീയതി 15.03.2024.
2. സ.ഉ.(സാധാ)നം.3603/2025/ആ.കു.വ. തീയതി 17.11.2025.
3. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 07.05.2026 തീയതിയിലെ എ3/6602/2023/മെ.വി.വ. നമ്പർ കത്ത്

**<u>ഉത്തരവ്</u>**

2023-24-സാമ്പത്തിക വർഷത്തിൽ അസറ്റ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ വിവിധ മരാമത്ത് പണികൾ ചെയ്യുന്നതിന് പരാമർശം (1)ലെ ഉത്തരവ് പ്രകാരം ₹1,59,25,600/-രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത ഭരണാനുമതി ഉത്തരവിലെ "Re-wiring the Electrical Installations Casualty Emergency Operation Theatre (CEOT) MCH, Kottayam" (ക്ര.നം.9) എന്ന പ്രവൃത്തി പൂർത്തീകരിച്ചതിന്റെ ബിൽ തുകയായ ₹10,49,263/- രൂപ, മറ്റ് ബിൽ തുകകളോടൊപ്പം, പരാമർശം (2)ലെ ഉത്തരവ് പ്രകാരം കരാറുകാരന് വിതരണം ചെയ്യുന്നതിനായി അനുവദിച്ച നല്കിയിരുന്നു. ഇപ്രകാരം അനുവദിച്ചിരുന്ന ₹10,49,263/- രൂപ കരാറുകാരന് വിതരണം ചെയ്യുന്നതിനായി 28.01.2026 തീയതിയിലെ കോട്ടയം മെഡിക്കൽ കോളേജ് പ്രിൻസിപ്പാലിന്റെ നടപടിക്രമം പ്രകാരം പാസ്സാക്കി നൽകിയെങ്കിലും ആയതിന് 2025-26 സാമ്പത്തികവർഷത്തിൽ ധനകാര്യ വകുപ്പിന്റെ 'Ways and Means' ക്ലിയറൻസ് ലഭിക്കാതെ വന്നതിനാൽ ഫണ്ട് നഷ്ടമായതായി പരാമർശം (3)ലെ കത്ത് പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിരുന്നു. ഈ സാഹചര്യത്തിൽ "Re-wiring the Electrical Installations in Casualty Emergency Operation Theatre (CEOT) MCH, Kottayam" എന്ന പ്രവൃത്തി പൂർത്തീകരിച്ച വകയിൽ ബിൽ തുകയായ

₹10,49,263/- രൂപ കരാറുകാരന് വിതരണം ചെയ്യുന്നതിനായി നടപ്പ് സാമ്പത്തിക വർഷം (2026-27) അസറ്റ് മെയിന്റനൻസ് ശീർഷകമായ 2210-05-105-61(NP) -ലെ ബഡ്ജറ്റ് വിഹിതമായ് ലഭിച്ച തുകയിൽ നിന്നും അനുവദിച്ച് പുതുക്കിയ ഉത്തരവ് നൽകണമെന്നും, പ്രസ്തുത തുക കോട്ടയം പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഡി.ഡി.ഒ. കോഡ് (080159B002) -ലേക്ക് കൈമാറുന്നതിനുള്ള അനുവാദവും നൽകണമെന്നും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1)ലെ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്ന "Re-wiring the Electrical Installations in Casualty Emergency Operation Theatre (CEOT) MCH, Kottayam (ക്രമ നം.9)" എന്ന പ്രവൃത്തി പൂർത്തിയാക്കിയ വകയിൽ കരാറുകാരന് നൽകേണ്ട ബിൽ തുകയായ **₹10,49,263/- രൂപ (പത്ത് ലക്ഷത്തി നാൽപത്തി ഒൻപതിനായിരത്തി ഇരുനൂറ്റി അറുപത്തി മൂന്ന് രൂപ മാത്രം)**, **'2210-05-105-61(NP)'** ശീർഷകത്തിലെ 2026-27 സാമ്പത്തിക വർഷത്തിലെ ബജറ്റ് വിഹിതത്തിൽ നിന്നും റിലീസ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത തുക കോട്ടയം പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഡി.ഡി.ഒ. കോഡിലേക്ക് മാറ്റുന്നതിനും അനുമതി നൽകുന്നു.

3. മേൽ ഭേദഗതിയോടെ മാത്രം പരാമർശം (2)ലെ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം), തിരുവനന്തപുരം
എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം), കോട്ടയം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം
ധനകാര്യ (ഹെൽത്ത് -എ) (നം.2693841/എച്ച്.എൽ.റ്റി.-എ2/28/2024-ധന തീയതി 03.06.2026 പ്രകാരം)
വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി(P3/21/2024-HEALTH )

ഉത്തരവിൻ പ്രകാരം

Signed by
Gayathri G
Date: 17-06-2026 12:21:55

സെക്ഷൻ ഓഫീസർ